## നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാനുള്ള അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭയുടെ കാര്യ നിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. ടി. എ. അഹമ്മദ് കബീർ ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

"ചില ശാരീരിക ബുദ്ധിമുട്ടുള്ളതിനാൽ 14-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ എനിക്ക് അവധി അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു".

ശ്രീ. ടി. എ. അഹമ്മദ് കബീറിന് 14-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കുവാൻ അനുവാദം നൽകിയിരിക്കുന്നു.